# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P10/1883/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P10/1883/2023 തീയ്യതി: 13/11/2023

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. റ്റി. സിന്ധു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഗീത.ആർ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജൻ ആചാരി.ജി. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി.ബിജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 30-09-2022 |
| ശ്രീ.ജയപ്രകാശ്.പി. | സെക്രട്ടറി | 01-10-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അജിത.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.സന്തോഷ് ജോസഫ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്വാതി കൃഷ്ണൻ | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ.അനന്തു സജി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനീഷ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രതീഷ്കുമാർ.എം | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 27-06-2022 |
| ഡോ.അനുചന്ദ്രൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 27-06-2022 | 31-03-2023 |
| ഡോ.എം.കെ.വിമല | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ശൂരനാട് | 01-04-2022 | 31-03-2023 |
| ശ്രീമതി.തസ്ലിമ ബീഗം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 29-01-2023 |
| ശ്രീ.ബാലുശേഖർ | ഫിഷറീസ് എക്സ്റ്റൻഷൻ ഇൻസ്പെക്ടർ | 30-01-2023 | 31-03-2023 |
| ശ്രീമതി.പത്മജ ദേവി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനി,എം | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനീഷ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സബിത വിജയൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 18-04-2022 |
| ഡോ. അശ്വതി കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ സലിം. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി. മായാദേവി | ഹെഡ്മിസ്ട്രസ് | 04-07-2022 | 24-11-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ബിന കെ. ആർ. | ഹെഡ്മിസ്ട്രസ് | 25-11-2022 | 31-03-2023 |
| ശ്രീമതി. ബിജി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. ബൈജൂഷാ എ. എം. | വെറ്ററിനറി സർജൻ | 01-04-2022 | 21-09-2022 |
| ഡോ. സുജാത | വെറ്ററിനറി സർജൻ | 21-09-2022 | 25-09-2022 |
| ഡോ. അരുൺ കുമാർ | വെറ്ററിനറി സർജൻ | 26-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം. | 1-1-4 |
| 6 | Loans, Advances, Deposits - നീക്കിയിരിപ്പിന്റെ വിശദാംശം ഇല്ല | 1-1-5 |
| 7 | ഗുണഭോക്തൃവിഹിതം ചെലവ് 40,500/-രൂപ ബാധ്യതയിൽ നിന്നും കുറവ് ചെയ്തില്ല | 1-1-6 |
| 8 | ICDS ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-7 |
| 9 | വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-8 |
| 10 | സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് വിവരങ്ങൾ ലഭ്യമല്ല | 1-1-10 |
| 12 | ഹെൽത്ത് ഗ്രാന്റുകളുടെ ചെലവ് വിശദാംശങ്ങൾ വാർഷികകണക്കിൽ ഇല്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 23 | മേഖല തെറ്റായി രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി | 1-12 |

| | | |
|---|---|---|
| 24 | ബാലസഭാ പ്രവർത്തനത്തിന് അധികം തുക ചെലവഴിച്ചു | 1-13 |
| 25 | ടേക്ക്-എ-ബ്രേക്ക്- ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥലത്തുണ്ടായിരുന്ന പാറ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. | 1-14 |
| 26 | ദാനമായി ലഭിച്ച വസ്തുക്കൾ നാളിതുവരെ പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല. | 1-15 |
| 27 | കോൺക്രീറ്റ് സ്ലാബിന് പകരം പൈപ്പ് കൊണ്ടുള്ള പാലം-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 28 | നെൽകൃഷി വികസനം, വാഴകൃഷി പദ്ധതികളിൽ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. | 1-17 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 30 | പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-19 |
| 31 | സിറ്റിസൺ ഭരണഘടന - ഉത്തരവ് പാലിച്ചില്ല - 24,850/-രൂപ അധികം ചെലവഴിച്ചു. | 1-20 |
| 32 | റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ ഒഴിവാക്കി ARTCOയിൽ നിന്നും വാങ്ങി | 1-21 |
| 33 | പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചില്ല | 1-22 |
| 34 | മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു | 1-23 |
| 35 | മെയിന്റനൻസ് ഫണ്ടുപയോഗിച്ചു വേതനം നൽകി | 1-24 |
| 36 | ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സബ് ട്രഷറി ഓഫീസിന്റെ കറണ്ട് ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കി. | 1-25 |
| 37 | പ്രൈമറി സ്കൂളിന് ഉച്ചഭക്ഷണപാത്രം വാങ്ങൽ - പദ്ധതി നടത്തിലെ അപാകതകൾ. | 1-26 |
| 38 | ലൈഫ് ഭവനപദ്ധതി-ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചില്ല. | 1-27 |
| 39 | മരുന്നകൾ പൂർണ്ണമായും ലഭ്യമായില്ല | 1-28 |
| 40 | ഗ്രാമപഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചിരുന്ന സബ് ട്രഷറി ഓഫീസിന്റെ വാടക ഈടാക്കിയില്ല. | 1-29 |
| 41 | ഹരിതകർമ്മസേന - അവലോകനം | 1-30 |
| 42 | പ്രവൃത്തികൾ സ്പിൽ ഓവറാകുന്നത് - തൻവർഷത്തെ പദ്ധതി രൂപീകരണത്തെ ബാധിക്കുന്നു. | 1-31 |
| 43 | പ്രാദേശിക നിരക്കിനെക്കാൾ അധികനിരക്കു സിമന്റിനു നൽകി | 1-32 |
| 44 | ഈ-ടെൻഡർ വരവ്-ഒടുക്കു വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-33 |
| 45 | ആയുർവേദ ആശുപത്രി പ്രവർത്തനക്ഷമമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ് | 1-34 |
| 46 | തനതു വിഭവ സമാഹരണം- അവലോകനം | 1-35 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | നെൽകൃഷി വികസനം, വാഴകൃഷി പദ്ധതികളിൽ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. | 3-1 |
| 2 | സിറ്റിസൺ ഭരണഘടന - ഉത്തരവ് പാലിച്ചിട്ടില്ല - 24,850/-രൂപ അധികം ചെലവഴിച്ചു. | 3-2 |
| 3 | ബാലസഭാ പ്രവർത്തനത്തിന് അധികം തുക ചെലവഴിച്ചു | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 10.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 10.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

#### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

#### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = (-)93,90,310/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A - 40 B) = 1,53,98,256/-രൂപ

വ്യത്യാസം = 2,47,88,566/-രൂപ

### 1-1-3 ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,34,231/-രൂപ ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അവ നിക്ഷേപിച്ചിരിക്കുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പില്ല.

### 1-1-4 CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം.

CFC ഫണ്ട് ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 66,72,758/- രൂപയാണ്. RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 67,64,070/- രൂപയാണ്. വ്യത്യാസം – 91,312/- രൂപ.

### 1-1-5 Loans, Advances, Deposits - നീക്കിയിരിപ്പിന്റെ വിശദാംശം ഇല്ല

ബാലൻസ് ഷീറ്റ് B18 – Loans, Advances, Deposits ൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഇനങ്ങളുടെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുൻ വർഷത്തെ നീക്കിയിരിപ്പ് തന്നെയാണ് തൻവർഷവും നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുള്ളത്.

1. Advance To Suppliers – ₹3,42,000/-
2. Deposit With KSEB – ₹8,12,244/-
3. Advance To Other Authorised Agencies - ₹4,27,962/-
4. Advance To Other Accredited Agencies – ₹3,00,000/-

### 1-1-6 ഗുണഭോക്തൃവിഹിതം ചെലവ് 40,500/-രൂപ ബാധ്യതയിൽ നിന്നും കുറവ് ചെയ്തില്ല

ഗുണഭോക്തൃവിഹിതം 1,08,000/-രൂപ മുന്നിരിപ്പും, 10,82,955/-രൂപ വരവും ഉൾപ്പടെ ആകെ 11,90,955/-രൂപയാണ് നീക്കിയിരിപ്പായി വാർഷിക കണക്കിൽ ഉൾപ്പട്ടിട്ടുള്ളത്. തൻവർഷം ഗുണഭോക്തൃവിഹിതമിനത്തിലുള്ള ചെലവ് തുകയായ 4,00,500/-രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിലുള്ള ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

1. പോത്തുകുട്ടി വളർത്തൽ ജനറൽ (നം. 164/23) – ₹2,40,000/-
2. പോത്തുകുട്ടി വളർത്തൽ SCP (നം. 168/23) – ₹52,500/-
3. ബയോകമ്പോസ്റ്റ് ബിൻ (നം. 85/23) – ₹1,08,000/-

### 1-1-7 ICDS ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ICDS ചെലവ് 13,30,494/- രൂപയാണ്. പ്രസ്തുത ചെലവ് വാർഷിക കണക്കിലുൾപ്പെട്ടിട്ടില്ല. 4,49,309/-രൂപ മുന്നിരിപ്പും, 20,76,462/-രൂപ വരവും ഉൾപ്പടെ ആകെ 25,25,771/-രൂപയാണ് നീക്കിയിരിപ്പായി വാർഷിക കണക്കിൽ ഉൾപ്പട്ടിട്ടുള്ളത് .

### 1-1-8 വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

2022-23 ൽ വികസന ഫണ്ടിൽ നിന്നും പേയമെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയമെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 79,440/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഇടവിളക്കൃഷി (നം. 165/23) – 79,440/-രൂപ.

## 1-1-9 സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

## 1-1-10 ഡെപ്പോസിറ്റ് വിവരങ്ങൾ ലഭ്യമല്ല

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം മിച്ചമുള്ള തുക തിരികെ ലഭിച്ചത് B8-Deposit Works Others -10,36,305/- രൂപ ലയബിലിറ്റിയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഗ്രാന്റ് ഏതെന്ന് കണ്ടെത്തി പ്രസ്തുത ഹെഡിൽ മിച്ചമുള്ള തുക തിരികെ ഒടുക്കി ബാധ്യതയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## 1-1-11 ഹെൽത്ത് ഗ്രാന്റുകളുടെ ചെലവ് വിശദാംശങ്ങൾ വാർഷികകണക്കിൽ ഇല്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഹെൽത്ത് ഗ്രാന്റുകളുടെ ചെലവ് വിശദാംശം വാർഷികകണക്കിലുൾപ്പെട്ടിട്ടില്ല. Health & Welness ഗ്രാന്റ് ചെലവ് 58,801/- രൂപ, PHC Infrastructure ഗ്രാന്റ് ചെലവ് 1,18,645/-രൂപ എന്നീ ചെലവുകൾ വാർഷിക കണക്കിലുൾപ്പെട്ടിട്ടില്ല. ഇതുമൂലം പ്രസ്തുത ഗ്രാന്റുകളുടെ ബാധ്യതയും ആസ്തിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

21.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2023 ലെ 1(1)നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹4,94,00,033/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,95,54,679/- |
| ആകെ | ₹11,89,54,712/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,41,56,423/- |
| നീക്കിയിരിപ്പ് | ₹6,47,98,289/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹45,666/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹39,94,653/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20233000/- | 20233000/- | 20118349/- | 114651/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12572000/- | 12572000/- | 11825084/- | 746916/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ട്രഷറി | 0 | 961016/- | 961016/- | 567457/- | 393559/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ട്രഷറി | 0 | 322861/- | 322861/- | 263502/- | 59359/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 2730102/- | 5568000/- | 8298102/- | 3727192/- | 4570910/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക് | 114493/- | 3712000/- + 234006/- (പലിശ) = 3946006/- | 4060499/- | 1958651/- | 2101848/- |
| മെയിന്റനൻസ്, റോഡ് | 0 | 16094000/- | 16094000/- | 9695332/- | 6398668/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8069000/- | 8069000/- | 5606194/- | 2462806/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
| MGNREGS | 4368/- | 1319049/- | 1323417/- | 1323166/- | 251/- |
| Central Awards And Honorarium | 3033986/- | 81881/- | 3115867/- | 0 | 3115867/- |
| ഐ.സി.ഡി.എസ്. | 449309/- | 2076462/- | 2525771/- | 1330494/- | 1195277/- |
| TSC | 3954581/- | 95674/- | 4050255/- | 1275522/- | 2774733/- |
| മഴക്കാലപൂർവ്വ ശുചീകരണം | 0 | 190000/- | 190000/- | 190000/- | 0 |
| Health Grant – Diagnostic Infrastructure To PHC | 0 | 228499/- | 228499/- | 118645/- | 109854/- |
| Health Grant – Conversion Of PHC And Subcenters | 0 | 75599/- | 75599/- | 58801/- | 16798/- |
| Grant From Other Agencies | 104870/- | 0 | 104870/- | 0 | 104870/- |
| Grant From Other Agencies 2 | 0 | 450000/- | 450000 /- | 0 | 450000 /- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സംസ്ഥാനാവിഷ്കൃതം | 770000/- | 3400000/- | 4170000/- | 3350000/- | 820000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 23,14,95,291/- | 148 | 7,99,83,350/- | 0 | 59 | 71.49 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ MNREGA A/c | 3,162/- | 14,83,261/- | 14,86,423/- | 14,77,991/- | 8,432/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,38,43,766/- | 3,38,43,766/- | 3,38,43,766/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5,23,000/- |
| വിധവാപെൻഷൻ | 1,87,82,400/- |
| വാർദ്ധക്യകാല പെൻഷൻ | 2,79,50,000/- |
| വികലാംഗ പെൻഷൻ | 60,23,800/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,52,600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 5,10,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹84,410/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലൂടെ കഴിയുന്നുണ്ട്. കണക്കുകളുടെ റീക്കൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വർഷം തിരിച്ച് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

ഡേറ്റ ബാങ്ക് സൂക്ഷിക്കുന്നതിനാൽ ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിലും ആനുകൂല്യം നല്കാനുള്ള സാഹചര്യം നിലനിൽക്കുന്നു. ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ ക്വട്ടേഷന് വിരുദ്ധമായി വാങ്ങൽ നടത്തിയതായി കാണുന്നു. കൂടാതെ പഞ്ചായത്ത് വളപ്പിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് കമ്പോസ്റ്റ് പിറ്റിൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് നാളിതുവരെ അധികൃതരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലയെന്നതും ഗൗരവമായി കാണുന്നു. പദ്ധതി നിർവ്വഹണം അതിന്റെ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോയെന്നതും അതിന്റെ തുടർ നിരീക്ഷണവും അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്ന വിഷയമാണ്.

മേൽ വിഷയങ്ങളിൽ ബന്ധപ്പെട്ട അധികാരികളുടെയും ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.4.2016 | 2011-12 മുതൽ 2015-16 വരെ | 15.4.2016 |
| പെർഫോർമൻസ് ഓഡിറ്റ് | 24.11.22 | 7/22 മുതൽ 9/22 വരെ | 24.11.22 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്നിരിക്കെ ചില സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) 2022-23 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | സെൻട്രൽ ബസാർ ഇന്ത്യ ലിമിറ്റഡ് | 6 | II |

തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലാത്തതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് .

(2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇൻഡസ് ഇന്റ് മാർക്കറ്റിംഗ് ഫിനാൻസ് | II |
| 2 | വൈദ്യ ധർമ്മ ആയുർവേദ ഹോസ്പിറ്റൽ, ഭരണിക്കാവ് | II |
| 3 | ജി.എസ്. ആട്ടോ സർവീസ് ലിമിറ്റഡ്, പനപ്പെട്ടി | II |
| 4 | സെൻട്രൽ ബസാർ ഇന്ത്യ ലിമിറ്റഡ് | II |
| 5 | ബി.എസ്.എൻ.എൽ, ശാസ്താംകോട്ട | II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലാത്തതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും വരും വർഷങ്ങളിൽ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-12/28-10-2023.

## 1-12 മേഖല തെറ്റായി രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി

വസ്തു നികുതി നിർണ്ണയം സഞ്ചയയിൽ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന പ്രാഥമിക മേഖലയിലുള്ള കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലുൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിൽ 10 ശതമാനം ഇളവ് അനുവദിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരം | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വിവരം |
|---|---|---|
| 1 | I/784 വാണിജ്യ കെട്ടിടം | ഭരണിക്കാവ് - ചക്കുവള്ളി റോഡ് |
| 2 | IV/732 വാണിജ്യ കെട്ടിടം | സിനിമാപറമ്പ്-കൊട്ടാരക്കര റോഡ് |
| 3 | I/785 വാണിജ്യ കെട്ടിടം | ഭരണിക്കാവ് - ചക്കുവള്ളി റോഡ് |
| 4 | I/785 വാണിജ്യ കെട്ടിടം | ഭരണിക്കാവ് - ചക്കുവള്ളി റോഡ് |
| 5 | II/917 വാണിജ്യ കെട്ടിടം | ഭരണിക്കാവ് - ചക്കുവള്ളി റോഡ് |
| 6 | II/916 വാണിജ്യ കെട്ടിടം | ഭരണിക്കാവ് - ചക്കുവള്ളി റോഡ് |

മേഖല തെറ്റായി നല്കി വസ്തു നികുതിയിന്മേൽ ഇളവു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. സമാന രീതിയിൽ പഞ്ചായത്ത് പരിധിയിൽ മേഖല തെറ്റായി രേഖപ്പെടുത്തി വസ്തു നികുതിയിന്മേൽ ഇളവു അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 25/31.10.2023

## 1-13 ബാലസഭാ പ്രവർത്തനത്തിന് അധികം തുക ചെലവഴിച്ചു

പദ്ധതി-135/23, കുടുംബശ്രീ ബാലസഭ
അടങ്കൽ – ₹25,000/- (വികസന ഫണ്ട് ജനറൽ)
ചെലവ് – ₹25,000 (ബിൽ നമ്പർ-367/15-3-23)
കുടുംബശ്രീ സി.ഡി.എസിന്റെ നേതൃത്വത്തിൽ നടത്തിയ പഠന യാത്രയ്ക്ക് 19 വാർഡുകളിലെ ബാലസഭാംഗങ്ങളായ കുട്ടികളും (ഒരു വാർഡിൽ നിന്ന് രണ്ട് കുട്ടികൾ), സി.ഡി.എസ്. മെമ്പർമാരും ഉൾപ്പെടെ പോയതിന് പദ്ധതി പ്രകാരം 25,000/- രൂപ ചെലവഴിച്ചു.
സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7.10 പ്രകാരം ബാലസഭാ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1,000/- രൂപയാണ് നൽകേണ്ടത്. 19 വാർഡുകളിലേക്ക് 19,000/- രൂപയാണ് ചെലഴിക്കാവുന്നതെങ്കിലും 25,000/-രൂപ ചെലവഴിച്ചു. അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 6,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ബാലസഭാ പ്രവർത്തനത്തിനായി അധികം ചെലവഴിച്ച 6,000/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിച്ച തുക – 6,000/-രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ-20/31-10-2023.

1-14 ടേക്ക്-എ-ബ്രേക്ക്- ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥലത്തുണ്ടായിരുന്ന പാറ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

2022-23 ലെ തനത് ഫണ്ട് ചെലവ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് കരാർ അടിസ്ഥാനത്തിൽ നൽകിയ ടേക്ക്-എ-ബ്രേക്ക് കെട്ടിടം നിർമ്മിച്ച ഭൂമിയിൽ ഉണ്ടായിരുന്ന പാറ ജെ.സി.ബി. ഉപയോഗിച്ച് നീക്കം ചെയ്തതിന് കരാറുകാരന് 4,000/-രൂപ (ചെക്ക് നം. – 300524/27.4.22) നൽകി. ജെ.സി.ബി. പ്രവർത്തിച്ചതിന്റെ ട്രിപ്പ് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പാറ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടേക്ക്-എ-ബ്രേക്കിന് വിട്ട് കിട്ടിയ റവന്യൂ ഭൂമിയിൽ വർഷങ്ങൾക്ക് മുമ്പ് ഏതോ കോൺട്രാക്ടർ നിക്ഷേപിച്ച ലോഡ് കണക്കിന് പാറയും കെട്ടിടാവിഷ്ടങ്ങളും നീക്കം ചെയ്ത് കെട്ടിടം പണി പൂർത്തീകരിക്കണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശമുണ്ടായതിനാലാണ് അടിയന്തിരമായി സൈറ്റ് ക്ലിയർ ചെയ്തതെന്നും, ജെ.സി.ബിക്ക് ട്രിപ്പ് ഷീറ്റ് ലഭ്യമല്ലാത്തതിനാലാണ് രേഖകളോടൊപ്പം സമർപ്പിക്കാതിരുന്നതെന്നുമുള്ള മറുപടിയാണ് നൽകിയത്. ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് നിക്ഷപിച്ച അവകാശികളില്ലാത്ത ലോഡ് കണക്കിന് പാറ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനിയറുടെ വാല്യൂവേഷൻ പ്രകാരം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. – 7/28.10.2023.

1-15 ദാനമായി ലഭിച്ച വസ്തുക്കൾ നാളിതുവരെ പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല.

ഗ്രാമപഞ്ചായത്തിന് ദാനമായി ലഭിച്ച വസ്തുക്കളുടെ ആധാരം എഴുതിയതിന്റെ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ആയത് പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1) പെരുവേലിക്കര 21-ാം നമ്പർ അങ്കണവാടി പണിയുന്നതിന് നൽകിയ വസ്തുവിന്റെ ദാനയാധാരഫീസിനത്തിൽ 2,500/-രൂപ (ചെക്ക് നം. – 301424/14.7.22) ചെലവഴിച്ചു.

2) പെരുവേലിക്കര മുറിയിൽ വൈശാഖത്തിൽ ശ്രീ. ഗോപാലകൃഷ്ണപിള്ള, ശശിമന്ദിരത്തിൽ ശ്രീമതി. ദിവ്യ, ശ്രീമതി. ദീപ എന്നിവർ ഗ്രാമപഞ്ചായത്തിന് നൽകിയ വസ്തുവിന്റെ ദാനയാധാരഫീസിനത്തിൽ 3,000/-രൂപ (ചെക്ക് നം. – 302030/29.9.22) ചെലവഴിച്ചു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ വസ്തുക്കൾ പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ദാനമായി ലഭിച്ച മേൽ വസ്തുക്കൾ താമസംവിനാ പോക്കുവരവ് ചെയ്ത് ഗ്രാമപഞ്ചാത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. – 8/28.10.2023.

1-16 കോൺക്രീറ്റ് സ്ലാബിന് പകരം പൈപ്പ് കൊണ്ടുള്ള പാലം-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ കരുന്തോട്ടുവ ആര്യൻ പാടത്തിലെ തോടിന് കുറുകെയുള്ള കോൺക്രീറ്റ് സ്ലാബ് തകർന്ന് പോയതിനെ തുടർന്ന് ജി.ഐ. പൈപ്പ് കൊണ്ടുള്ള പാലം പണിതതിന് 10,500/-രൂപ (ചെക്ക് നം. – 301395/31.5.22) ചെലവഴിച്ചു. ശ്രീ. ഷെറിന്റെ പേരിലുള്ള രാജ്കുമാർ ട്രേഡിംഗ് ഏജൻസീസ്, കുന്നത്തൂർ ഈസ്റ്റ് എന്ന സ്ഥാപനത്തിന്റെ 25.1.21 ലെ 6044-നമ്പർ ഇൻവോയ്സ് മാത്രമാണ് ചെലവ്

രേഖയായി പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 2020-21 ൽ നടന്ന പ്രവൃത്തിയുടെ ചെലവിന് 2022-23 ലാണ് തുക നൽകിയത്. ഇതിന്റെ വിശദാംശങ്ങളുടെ അഭാവത്തിൽ, ചെലവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2011 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കോൺക്രീറ്റ് സ്ലാബ് തകർന്നു പോയതിനെ തുടർന്ന് കർഷകർക്ക് അസൗകര്യം നേരിട്ടതിനാലാണ് പുതിയതായി ഒരു പാലം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 2011 ൽ തകർന്നുപോയ കോൺക്രീറ്റ് സ്ലാബിനു പകരം 2020-21 ൽ പാലം നിർമ്മിക്കുകയും 2022-23 ൽ തുക നൽകുകയും ചെയ്തതിന്റെ കാരണങ്ങൾ വ്യക്തമല്ല. മറുപടിയൊടൊപ്പം ലഭ്യമാക്കിയ ഒരു രേഖയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ കാരണങ്ങളാൽ 10,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പാലം നിർമ്മാണച്ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. – 9/28.10.2023.

തടസ്സപ്പെടുത്തിയ തുക - 10,500/-രൂപ.

## 1-17 നെൽകൃഷി വികസനം, വാഴകൃഷി പദ്ധതികളിൽ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |
| പ്രോജക്റ്റ് നം | നെൽകൃഷി വികസനം പദ്ധതി (161/23) | വാഴകൃഷി (160/23) |
| അടങ്കൽ തുക | ₹2,50,000/- (വികസന ഫണ്ട്) | ₹9,40,000/-(വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹2,50,000/-<br>(ബിൽ നം.1/18.1.23-₹63400/-<br>ബിൽ നം. 2/18.1.23-₹186600/-) | ₹9,40,000/-<br>(ബിൽ നം. 3/18.1.23-447900/-<br>ബിൽ നം. 4/27.1.23-171120/-<br>ബിൽ നം. 5/27.1.23-118500/-<br>ബിൽ നം. 6/16.2.23-11400/-<br>ബിൽ നം. 8/16.2.23-30600/-<br>ബിൽ നം. 11/29.3.23-139080/-<br>ബിൽ നം. 12/29.3.23-21400/-) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.9 പ്രകാരം ഒരു പൂനെൽകൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 25,000/- രൂപയും, വാഴകൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 30,000/- രൂപയും ആണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് നെൽകൃഷി വികസനം, വാഴകൃഷി എന്നീ പദ്ധതികളിൽ അധിക നിരക്കിൽ സബ്സിഡി തുക അനുവദിച്ചിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് വിവരം | കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി | അനുവദിച്ച തുക (₹) | അനുവദിക്കാവുന്ന തുക (₹) | അധികം അനുവദിച്ച തുക (₹) |
|---|---|---|---|---|---|
| നെൽകൃഷി വികസനം (161/23) | ശ്രീമതി സുഷമ നെടിയത്ത് വടക്കതിൽ കരിന്തോട്ടുവ | 50.8 R 0.508 Ha. | 25,000/- | 12,700/- | 12,300/- |
| വാഴകൃഷി (160/23) | ശ്രീ. മുരളീധരൻ പിള്ള എം.ജി. നിവാസ് | 56.74 R 0.5674 Ha. | 18,000/- | 17,022/- | 978/- |

| | | | | | |
|---|---|---|---|---|---|
| | മുതുപിലാക്കാട് | | | | |
| | | | | ആകെ | 13,278/- |

ഇതിൽ ശ്രീമതി സുഷമ കൃഷി ചെയ്തതായി കാണിച്ചിട്ടുള്ള പാട്ടഭൂമികളിൽ രണ്ടെണ്ണം ശ്രീ. ബിനോയ് ബി. എന്ന ഗുണഭോക്താവിന് പാട്ടത്തിന് നൽകിയിട്ടുള്ളതായാണ് കാണുന്നത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽ കാരണങ്ങളാൽ അധികം അനുവദിച്ച തുകയായ 13,278/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം അനുവദിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/27.10.2023.

നിരാകരിച്ച തുക – 13,278/-രൂപ.

1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2022-23 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി, നം. | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | പുതിയ അങ്കണവാടി നിർമ്മാണം വാർഡ് നം.4 (നം71/23) | 7,00,000/- (കേന്ദ്രഫണ്ട്) 1,40,000/- (തനത് ഫണ്ട്) 5,60,000/- (ജില്ലാപഞ്ചായത്ത് വിഹിതം) | 4,76,995/- | ചെക്ക് നം. 8692335/ 7.11.2022 | എസ്റ്റിമേറ്റ് തുകയായ 11,92,489/-രൂപയുടെ 40% തുക ജില്ലാ പഞ്ചായത്ത് വിഹിതം MNREGS ജില്ലാ മിഷൻ അക്കൗണ്ടിലേയ്ക്ക് ഒടുക്കി. |
| 2. | PMAY വിഹിതം നൽകൽ ജനറൽ (നം. 115/23) | 4,20,000/- (വികസന ഫണ്ട്) | 4,20,000/- | 10/30.9.2022 | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഒടുക്കു വരുത്തി |
| 3. | PMAY വിഹിതം നൽകൽ എസ്.സി.പി. (നം. 116/23) | 56,000/- (വികസന ഫണ്ട് എസ്.സി.പി.) | 5,60,000/- | 11/30.9.2022 | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഒടുക്കു വരുത്തി |
| 4. | ജീവനം (നം. 120/23) | 2,00,000/- (തനത് ഫണ്ട്) | 2,00,000/- | ചെക്ക് നം. 8692325/ 28.9.2022 | ഗ്രാമ പഞ്ചായത്ത് വിഹിതം കൊല്ലം ജില്ലാ പഞ്ചായത്തിൽ ഒടുക്കു വരുത്തി |
| | | ആകെ | 16,56,995/- | | |

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 16,56,995/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി നം. 14/30.10.2023.

തടസ്സപ്പെടുത്തിയ തുക - 16,56,995/-രൂപ

1-19 പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | പൈപ്പ് ലൈൻ നീട്ടൽ (നം. 75/23) |
| അടങ്കൽ തുക | ₹6,18,000/- (CFC ഫണ്ട്) |
| ചെലവഴിച്ച തുക | ₹44,635/-<br>(₹3,035/- -22200873/23.11.22 &<br>₹41,600/- -22200885/23.11.22) |

മേൽ പദ്ധതിയിൽ വാട്ടർ അതോറിറ്റി, പി,എച്ച് ഡിവിഷന്റെ എസ്റ്റിമേറ്റ് നം.E5/101/2022/UC/PHDN/KLM /1.10.22 പ്രകാരം 3,035/- രൂപയും 02.12.2022 ലെ PHDN/KLM/DB4/8423/2022 എസ്റ്റിമേറ്റ് പ്രകാരം 41,600/- രൂപയും ഉൾപ്പടെ ആകെ 44,635/- രൂപ ഒടുക്കിയിട്ടുണ്ട്. PHDN/KLM/DB4/8423/2022 നമ്പർ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ സെന്റേജ് ചാർജ്ജിനത്തിൽ 11.02% കണക്കാക്കിയിരിക്കുന്നു. സർക്കാർ ഉത്തരവ് സാധാ നം. 1069/2018 തസ്വഭവ തീയതി 16.4.2018 പ്രകാരം കേരള വാട്ടർ അതോറിറ്റി നടത്തി വരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള 12.5% സെന്റേജ് ചാർജ്ജിൽ 2.5 % സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല. കൂടാതെ Advertisement Charge/Publicity Charges ആയി 3,000/- രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക - 29,859.80/- രൂപ (നികുതിയും സെന്റേജ് ചാർജ്ജും ഒഴികെയുള്ള തുക)

മേൽ ഉത്തരവ് പ്രകാരം അനുവദനീയമായ സെന്റേജ് ചാർജ്ജ് 10% നിരക്കിൽ – 2,985.9/-രൂപ

സെന്റേജ് ചാർജ്ജിനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക 11.02% - 3,290.55/- രൂപ

അധികം കണക്കാക്കിയിട്ടുള്ള തുക – 3,290.55 – 2,985.9 = 304.65/-രൂപ

കൂടാതെ Advertisement Charge/Publicity Charges Null%- 3,000/-രൂപ

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ വിവരം വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

മേൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 44,635/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 14/30.10.2023.

തടസ്സപ്പെടുത്തിയ തുക - 44,635/-രൂപ.

1-20 സിറ്റിസൺ ഭരണഘടന - ഉത്തരവ് പാലിച്ചില്ല - 24,850/-രൂപ അധികം ചെലവഴിച്ചു.

സിറ്റിസൺ ഭരണഘടന-സർക്കാർ നിർദ്ദേശം പാലിക്കാതെ രണ്ട് പദ്ധതികൾ വഴി 24,850/-രൂപ അധികം ചെലവഴിച്ചു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | ICDS സൂപ്പർവൈസർ |
| പ്രോജക്ട് നം. | സിറ്റിസൺ ഭരണഘടന (170/23) | സിറ്റിസൺ ഭരണഘടന (171/23) |
| അടങ്കൽ തുക | ₹2,00,000/- (തനത് ഫണ്ട്) | ₹50,000/-(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹1,81,850/-<br>(ചെക്ക്നം.305033/24.2.23-64,000/-<br>ചെക്ക്നം.303867/21.1.23-28,850/-<br>ചെക്ക്നം.302938/19.10.22-26,000/-<br>ചെക്ക്നം.302969/15.12.22-63,000/-) | ₹43,000/-<br>(ചെക്ക്നം.303791/24.12.23 |

കൊല്ലം ജില്ലയെ സമ്പൂർണ്ണ ഭരണഘടന സാക്ഷരത നേടുന്ന ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയതാണ് മേൽ പദ്ധതികൾ. കൊല്ലം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ

കളക്ടറുടെ ഉത്തരവ് നം.7/2021/ഡിപിഒ/ കൊല്ലം തീയതി 17.9.22 പ്രകാരം ഗ്രാമപഞ്ചായത്തിന് പ്രസ്തുത പദ്ധതിക്കായി വകയിരുത്തി ചെലവഴിക്കാവുന്ന തുക 2,00,000/-രൂപയാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി രണ്ട് നിർവഹണോദ്യോഗസ്ഥർ രണ്ട് പദ്ധതികളിലായി മേൽപ്രകാരം 2,24,850/- രൂപ ചെലവഴിച്ചു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്തിന്റെ ജനസംഖ്യയും ഭൂവിസ്തൃതിയും കണക്കിലെടുത്തും പഞ്ചായത്ത് താലൂക്ക് ആസ്ഥാനമായതിനാലും സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ പഞ്ചായത്താക്കുന്നതിനായി ഊർജ്ജിത പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിനാലും, വിവിധ സ്ഥാപനങ്ങളിൽ ഭരണഘടന സാക്ഷരതാ ബോർഡുകൾ സ്ഥാപിക്കുന്നതിനാലുമാണ് സെക്രട്ടറിയും, ICDS സൂപ്പർവൈസറും രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതും അധികമായി 24,850/- രൂപ ചെലവഴിക്കാൻ കാരണമായതുമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം ചെലവഴിച്ച 24,850/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 14/30.10.2022.
നിരാകരിച്ച തുക - 24,850/-രൂപ.

1-21 റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ ഒഴിവാക്കി ARTCOയിൽ നിന്നും വാങ്ങി

സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികൾ ഒഴിവാക്കി ARTCOയിൽ നിന്നും വാങ്ങി.

| പദ്ധതി, നം | ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ (212/23) | പ്രാഥമികാരോഗ്യകേന്ദ്രത്തിലെ രോഗനിർണ്ണയ പ്രവർത്തനങ്ങൾ (211/23) |
|---|---|---|
| അടങ്കൽ തുക | 74,903/-രൂപ (Health ഫണ്ട് ) | 2,26,253/-രൂപ (Health ഫണ്ട് ) |
| ചെലവ് തുക | 58,801/-രൂപ<br>(14,240/-രൂപ, 23/17.2.23<br>35,386/-രൂപ, 29/7.2.23<br>9,175/-രൂപ, 20/10.3.23) | 1,18,645/-രൂപ<br>(49,650/-രൂപ, 19/10.3.23<br>24,072/-രൂപ, 21/19.3.23<br>44,923/-രൂപ, 22/14.3.23) |

മേൽ പദ്ധതികളിൽ ARTCO യിൽ നിന്നും വാങ്ങിയ ചുവടെ ചേർക്കുന്ന ഫർണിച്ചറുകൾ റേറ്റ് കോൺട്രാക്ടിൽ (GO(RT) No.8/2020/SPD Dtd 10.2.20) ഉൾപ്പെട്ടിട്ടില്ല.

1. Steel Sloted Angle Rack 1 No – ₹3389.93+GST 18%
2. Blood Collection Chair 1 No – ₹6500+GST 18%
3. Revolving Chair 2 No – ₹6950+GST 18%
4. Glass Door Insrument Cabinet GDI 2 No – ₹14500+GST 18%

സർക്കാർ ഉത്തരവ് GO(RT) No.8/2020/SPD Dtd 10.2.20 ഖണ്ഡിക 4 പ്രകാരം ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാടുള്ളൂ.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 02-04-2019 ലെ ജി.ഒ (ആർ.ടി) നം. 13/19 ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ

നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും, റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെന്റർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ ടെന്റർ നടപടികൾ ഒഴിവാക്കി വാങ്ങുകയാണുണ്ടായത്.

ഇത്തരത്തിൽ വാങ്ങൽ നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

സ്റ്റോർ പർച്ചേസ് മാനുവൽ പാലിച്ചുകൊണ്ട് മാത്രം സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 24/31.10.2023.

## 1-22 പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചില്ല

പ്രോജക്ട് നം. 45/22 -കീർത്തിനല്ലൂർ-പള്ളത്തേക്കു റോഡ് ഇന്റർലോക്ക്-വർഡ്-9, 6,20,000/- രൂപ അടങ്കൽ വകയിരിത്തിയിരുന്ന (മെയിന്റനൻസ് ഫണ്ട്) ഈ പ്രവൃത്തി ക്വട്ടേഷൻ നടപടികളിലൂടെ ശ്രീ. അൽഫിൻസ് എന്ന കരാറുകാരന് നൽകിയിരുന്നു. 35/22-12-21 നമ്പരായി കരാർ വച്ച പ്രവൃത്തി, 55/23 പ്രകാരം സ്പിൽ ഓവറാക്കിയെങ്കിലും റോഡിന്റെ ഒരു വശത്തു 156.95 മീറ്റർ മാത്രം ഇന്റർലോക്ക് ചെയ്തിട്ടു കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചു. 08/08/2022, 19/11/2022 തീയതികളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനു വിശദീകരണം തേടിയെങ്കിലും കരാറുകാരൻ മറുപടി നൽകിയില്ല. പ്രവൃത്തിയുടെ പാർട്ട് ബിൽ ആയി 2,16,365/- രൂപ (ബിൽ നം. 3/27-3-2022) നൽകിയിട്ടുണ്ട്. ബില്ലിൽ നിന്നും 4,830/- രൂപ റീടെൻഷൻ ഈടാക്കിയിട്ടുണ്ട്. സെക്യൂരിറ്റി നിക്ഷേപമായി 16,600/- രൂപയുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കേറ്റ് (JL0788656/13-12-21) നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരനെതിരേ പി.ഡബ്ല്യു.ഡി. മാന്വൽ 2116.1 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2,16,365/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. റീടെൻഷൻ തുകയും സെക്യൂരിറ്റി നിക്ഷേപവും കണ്ടുകെട്ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/21-10-2023 നു സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.
ഓഡിറ്റ് എൻക്വയറി നം. 2/21-10-2023
തടസ്സം – 2,16,365/-രൂപ

## 1-23 മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം ഹോംകോയ്ക്ക് മരുന്നുകൾ ലഭ്യമാക്കാൻ തുകകൾ നൽകിയെങ്കിലും താഴെപറയും പ്രകാരം മരുന്നുകൾ ലഭ്യമാകാൻ ബാക്കി നിൽക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നൽകിയ തുക (₹) | ലഭ്യമായ മരുന്നുകൾ (₹) | ലഭ്യമാകാൻ ശേഷിക്കുന്നവ (₹) |
|---|---|---|---|
| 38/23<br>അംബേദ്ക്കർ കോളനി ഹോമിയോ ഹെൽത്ത് സെന്ററിനു മരുന്നു വാങ്ങൽ<br>അടങ്കൽ – ₹2,00,000/- | 2,00,000/-<br>(ബിൽ നം. 11/31-12-22) | 30,185/- | 1,69,815/- |

| | | | |
|---|---|---|---|
| 37/23<br>ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ<br>അടങ്കൽ – ₹3,00,000/- | 3,00,000/-<br>(ബിൽ നം. 15/13-1-23) | 1,14,484/- | 1,85,516/- |
| 39/23<br>ആയുഷ് ഹോളിസ്റ്റിക് സെന്ററിനു മരുന്നു വാങ്ങൽ<br>അടങ്കൽ – ₹10,00,000/- | 1,34,500/-<br>(ബിൽ നം. 13/31-11-22 തുക 1,00,000/-<br>ബിൽ നം. 19/30-3-23 തുക 34,500/-) | 38,131/- | 96,369/- |
| 40/23<br>ആയുഷ് ഹോളിസ്റ്റിക് സെന്ററിനു വൃദ്ധജനങ്ങൾക്ക്<br>അടങ്കൽ – ₹11,00,000/- | 1,20,000/-<br>(ബിൽ നം.16/13-1-23) | 1,107/- | 1,18,893/- |
| ആകെ | | | 14,37,914/- |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1437914/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്

1-24 മെയിന്റനൻസ് ഫണ്ടുപയോഗിച്ചു വേതനം നൽകി

പ്രോജക്റ്റ് നം. 39/23 / ആയുഷ് ഹോളിസ്റ്റിക് സെന്റർ

അടങ്കൽ – 10,00,000/-രൂപ

ചെലവ് – 1,00,000/-രൂപ

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആയുഷ് ഹോളിസ്റ്റിക് സെന്ററിലെ അറ്റൻഡർ, സ്വീപ്പർ എന്നിവർക്കു വേതനം നൽകിയിരിക്കുന്നു. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആവർത്തന സ്വഭാവമുള്ള ശമ്പളം, വേതനം എന്നിവ നൽകാൻ പദ്ധതികൾ ആവിഷ്കരിക്കാൻ പാടില്ല എന്നിരിക്കെ പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഫണ്ടിൽ നിന്ന് വേതനം നൽകിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു. ചട്ടവിരുദ്ധമായ 4,25,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| വേതന മാസം | ബിൽ നം. | തുക (₹) |
|---|---|---|
| 3/22 | 1/7-6-22 | 34,400/- |
| 4/22 | 2/7-6-22 | 35,900/- |
| 5/22 | 3/17-6-22 | 36,900/- |
| 6/22 | 4/20-7-22 | 36,400/- |
| 7/22 | 5/12-8-22 | 34,600/- |
| 8/22 | 6/5-9-22 | 36,800/- |
| 9/22 | 7/14-10-22 | 34,700/- |
| 10/22 | 8/10/11-22 | 35,400/- |
| 11/22 | 10/15-12-22 | 34,800/- |
| 12/22 | 14/13-1-23 | 36,100/- |
| 1/23 | 17/17-2-23 | 36,400/- |

| | | |
|---|---|---|
| 2/23 | 18/20-3-23 | 33,100/- |
| ആകെ | | 4,25,500/- |

ഓഡിറ്റ് എൻക്വയറി നം. – 11/28.10.2023.

തടസ്സപ്പെടുത്തിയ തുക - 4,25,500/-രൂപ

1-25 ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സബ് ട്രഷറി ഓഫീസിന്റെ കറണ്ട് ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കി.

ഗ്രാമപഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചിരുന്ന സബ് ട്രഷറി ഓഫീസിന്റെ കറണ്ട് ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 17,965/-രൂപ (ചെക്ക് നം. – 303835/07.01.2023) പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കി. ഈ കെട്ടിടത്തിൽ സബ് ട്രഷറി ഓഫീസ് പ്രവർത്തിച്ചിരുന്ന കാലയളവിലെ വാടകയും ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സബ് ട്രഷറി പ്രവർത്തിച്ച സമയത്തെ കറണ്ട് ചാർജ്ജല്ല ഒടുക്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സബ് ട്രഷറി പ്രവർത്തിച്ച കാലയളവിലെ ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിന്റെ കറണ്ട് ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശികയായ 17,965/-രൂപ ഒടുക്ക വരുത്താനാണ് 19.12.2022 ലെ 10(1) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം. ആയതിനാൽ ഈ കമ്മിറ്റി തീരുമാനം അല്ലാതെ കറണ്ട് ചാർജ്ജ് ഒടുക്കിയ കാലയളവ് സംബന്ധിച്ച മറ്റ് രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകാരയോഗ്യമല്ല. കറണ്ട് ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയ 17,965/-രൂപ ട്രഷറിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം – 5/28.10.2023.

1-26 പ്രൈമറി സ്കൂളിന് ഉച്ചഭക്ഷണപാത്രം വാങ്ങൽ - പദ്ധതി നടത്തിലെ അപാകതകൾ.

2022-23 ൽ ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്., മുതുപിലാക്കാട് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്കൂളിന് ഉച്ചഭക്ഷണപാത്രം വാങ്ങൽ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. – 125/23

അടങ്കൽ തുക – 1,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 96,969/-രൂപ

ബിൽ നം./ തിയതി – 6/31.03.2023.

ഈ പദ്ധതി നടത്തിലെ അപാകതകൾ താഴെപ്പറയും പ്രകാരമാണ്.

1) ക്വട്ടേഷൻ നിരക്കിലും അധികമായ നിരക്കിൽ വാങ്ങൽ നടത്തി.

പാത്രക്കട, കരുനാഗപ്പള്ളി എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ നിരക്കിനെക്കാൾ അധികം നിരക്ക് നൽകി വാങ്ങൽ നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ക്വട്ടേഷൻ നിരക്ക് (₹) | വാങ്ങിയ തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|
| 10 ലിറ്റർ പ്രഷർ കുക്കർ | 2,700/- (1350*2) | 3,100/- (1550*2) | 400/- |
| 15 ലിറ്റർ പ്രഷർ കുക്കർ | 4,600/- (2300*2) | 4,900/- (2450*2) | 300/- |
| അലൂമിനിയം ബക്കറ്റ് | 4,106/- (9.66kg*425) | 4,347/- (9.66kg*450) | 241/- |
| എസ്.എസ്. ടോപ്പ്സ് 26g | 2,457/- (5.85kg*420) | 2,516/- (5.85kg*430) | 59/- |
| എസ്.എസ്. കലം | 2,745/- (5.18kg*530) | 3,082/- (5.18kg*595) | 337/- |
| അലൂമിനിയം കലം | 2,099/- (3.96*530) | 2,110/- (3.96*533) | 11/- |

| | | | |
|---|---|---|---|
| എസ്.എസ്. കണ്ണാപ്പ | 100/- | 125/- | 25/- |
| ഈടാക്കിയ G.S.T. 12% | | | 165/- |
| ആകെ | | | 1,538/- |

2) ക്വട്ടേഷൻ നോട്ടീസിലും ക്വട്ടേഷനിലും പരാമർശിക്കപ്പെടാത്ത പാത്രങ്ങൾ വാങ്ങി.

പദ്ധതി പ്രകാരം വാങ്ങിയ 22 ലിറ്റർ, 16 ലിറ്റർ, 8 ലിറ്റർ, 5 ലിറ്റർ പ്രഷർ കുക്കറുകൾ, അലോയ് വെസ്സൽസ്, SS CNT SPL, ദോശ പ്ലേറ്റ്, ഉരുളി 11-26, VANA-26, എസ്.എസ്. മൂടി, SS ORD MUG എന്നിവ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസിലോ, പാത്രക്കട, കരുനാഗപ്പള്ളി എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിലോ ഉൾപ്പെട്ടവയല്ല. ആയതിനാൽ വാങ്ങലിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതുമില്ല. ക്വട്ടേഷൻ നിരക്കിലും അധികമായി നൽകിയ 1,538/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ക്വട്ടേഷൻ നോട്ടീസിൽ ഇല്ലാത്തതും, ക്വട്ടേഷനിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്തതുമായ പാത്രങ്ങൾ വാങ്ങിയയിനത്തിലുള്ള 95,431/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 1,538/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുകയും, 95,431/-രൂപയുടെ ചെലവിന് മതിയായ വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

എൻക്വയറി നം. – 15/28.10.2023.

നിരാകരണം - 1,538/-രൂപ.

തടസ്സം – 95,431/-രൂപ.

1-27 ലൈഫ് ഭവനപദ്ധതി-ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീട്ടുപണി ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)

പ്രോജക്റ്റ് നം. – S0087/23.

അടങ്കൽ തുക – ₹2,08,00,000/-

വികസനഫണ്ട്(എസ്.സി.പി)-₹36,88,530/-,
സംസ്ഥാനാവിഷ്കൃത ഫണ്ട്- ₹28,00,000/-,
ബ്ലോക്ക് വിഹിതം - ₹20,00,000/-,
ജില്ലാ വിഹിതം – ₹20,00,000/-,
മറ്റുള്ളവ – ₹1,03,11,470/-

ചെലവ് – ₹97,18,000/-

വികസനഫണ്ട് (എസ്.സി.പി)-₹36,88,000/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് - ₹21,20,000/-,
ബ്ലോക്ക് വിഹിതം – ₹19,40,000/-,
ജില്ലാ വിഹിതം – 19,70,000/-

നിർവ്വഹണം – വി.ഇ.ഒ.

2022-23 ൽ കരാറിൽ ഏർപ്പെട്ട 2 ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ടും വീട്ടുപണി നാളിതുവരെ ആരംഭിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം./ തിയതി |
|---|---|---|
| ശ്രീമതി. ഷീല, നിഖിൽ ഭവനം, ശാസ്താംകോട്ട പി.ഒ. | 40,000/- | 757864/30.3.23 |
| ശ്രീ. പുഷ്പാംഗദൻ, ചരിഞ്ഞതുണ്ടിൽ, മുതുപിലാക്കാട് | 40,000/- | 1/13.7.22 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളുടെ വീട്ടുപണി എത്രയും വേഗം പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം

പിഴപ്പലിശ ഉൾപ്പടെ നൽകിയ തുക ഈടാക്കേണ്ടതുമാണ്.

എൻക്വയറി നം . 19/ 19.10.2023.

1-28 മരുന്നകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ Purchase Of NCD Medicine (214/23) എന്ന പദ്ധതിയിൽ 7,313/-രൂപയുടേയും, അതി ദരിദ്രർക്കുള്ള മാസ്റ്റർ പ്ലാൻ പാലിയേറ്റീവ് (176/23) പദ്ധതിയിൽ 1,00,000/-രൂപയുടെയും മരുന്നുകൾ K.M.S.C.L-ൽ നിന്ന് ഇതുവരെ ലഭിച്ചില്ല.

| പ്രോജക്ടിന്റെ വിവരം | നൽകിയ തുക (₹) | ലഭ്യമായ മരുന്നുകൾ (₹) | ലഭ്യമാകാൻ ശേഷിക്കുന്നവ (₹) |
|---|---|---|---|
| Purchase Of NCD Medicine (214/23) അടങ്കൽ - ₹6,00,000/-( വികസന ഫണ്ട്) | 1,00,000/- (ഇൻവോയ്സ് നം. 1037/23 /20.2.23) | 92,687/- | 7,313/- |
| അതി ദരിദ്രർക്കുള്ള മാസ്റ്റർ പ്ലാൻ പാലിയേറ്റീവ് (176/23 ) അടങ്കൽ – ₹1,00,000 (തനത് ഫണ്ട്) | 1,00,000/- (ബിൽ നം. 15/22-2-23) | - | 1,00,000/- |

ലഭ്യമാകാത്ത മരുന്നിന്റെ വിലയായ 1,07,313/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റനെ വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 24/31-10-2023.
തടസ്സപ്പെടുത്തിയ തുക – 1,07,313/-രൂപ.

1-29 ഗ്രാമപഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചിരുന്ന സബ് ട്രഷറി ഓഫീസിന്റെ വാടക ഈടാക്കിയില്ല.

സബ് ട്രഷറി ഓഫീസിന്റെ പ്രവർത്തനത്തിനായി 01.12.2011 മുതൽ ഒരു വർഷത്തേക്ക് ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സാംസ്കാരിക നിലയം സൗജന്യമായി വിട്ട് നൽകുന്നതിന് 28.11.2011 ൽ 1(1) നമ്പർ ആയി കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് 01.12.2011 മുതൽ 19.06.2021 വരെ പത്ത് വർഷത്തോളം സാംസ്കാരിക നിലയത്തിൽ സബ് ട്രഷറി ഓഫീസ് പ്രവർത്തിക്കുകയുണ്ടായി.

കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് വക കെട്ടിടങ്ങളോ, മുറികളോ ലേലം കൂടാതെ തന്നെ കൂടിയലോചന വഴി വാടക നിശ്ചയിച്ച് നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ട്. പഞ്ചായത്തിന് ആവശ്യമായി വരുമ്പോൾ ഇങ്ങനെ നൽകുന്ന കെട്ടിടങ്ങൾ മൂന്ന് മാസത്തെ മുൻകൂർ നോട്ടീസ് നൽകിയശേഷം തിരികെ ഒഴിപ്പിക്കുന്നതിനും കഴിയും. ഇപ്രകാരം നൽകുന്ന കെട്ടിടങ്ങളുടെ വാടക കൃത്യമായി നൽകുന്നതിനുള്ള ബാദ്ധ്യത സ്ഥാപനത്തിന്റെ അതാതുകാലത്തെ ചുമതലക്കാരനുണ്ടായിരിക്കും. ഇത് സമ്മതിച്ചുകൊണ്ട് ടിയാൻ പഞ്ചായത്തുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. സബ് ട്രഷറി ഓഫീസുമായി ഉടമ്പടിയിൽ ഏർപ്പെട്ട്, ആയതുപ്രകാരം വാടക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരമാണ് സബ് ട്രഷറി ഓഫീസിന് ഒരു വർഷത്തേക്ക് സാംസ്കാരിക നിലയം സൗജന്യമായി വിട്ട് നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ എകദേശം പത്ത് വർഷം സബ് ട്രഷറി ഓഫീസ് ഇവിടെ പ്രവർത്തിച്ചു. സൗജന്യമായി വിട്ടു നൽകിയ ഒരു വർഷം ഒഴികെയുള്ള കാലയളവിലെ വാടക കണക്കാക്കി ട്രഷറി വകുപ്പിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം. – 5/ 28.10.2023.

1-30 ഹരിതകർമ്മസേന - അവലോകനം

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലായി 10151 കുടുംബങ്ങളും 1392 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 33285 (2011 കാനേഷുമാരി വിവരങ്ങൾ). നിലവിൽ 18 വാർഡുകളിലായി, ഓരോ വാർഡിലും 2 ഹരിതകർമ്മ സേനാംഗങ്ങൾ വീതം, 38 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. എല്ലാ ഭവനങ്ങളിൽനിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ നിലവിലുള്ള മിനി എം.സി.എഫുകൾ വഴി എം.സി.എഫിൽ എത്തിക്കുന്നു. വീടുകളിൽ നിന്നും 50/- രൂപ നിരക്കിലും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും നിന്ന് കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുവാൻ കഴിയുന്നില്ല. ശേഖരിക്കുന്നവ തരംതിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളക്ക് നൽകുകയും ചെയ്യുന്നു. 100% വീടുകളും കടകളും കവറേജ് നടത്തുന്നുണ്ടെങ്കിലും പൂർണ്ണമായും യൂസർ ഫീ കളക്ഷൻ നടക്കുന്നില്ല. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് പാണ്ടാസ് വേൾഡ്, അടൂർ എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്. ബെയിലിംഗ് മെഷീൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ കാനറ ബാങ്ക്, ശാസ്താംകോട്ട ശാഖയിൽ (A/C NO.110010385690) അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നിലനിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 11,011/- രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. കൺസോർഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാ വർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തന മികവ് കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ച് യൂസർ ഫീ കളക്ട് ചെയ്യുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, ഗംബൂട്ട്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് വാഹനം (KL-61-F-5537) നിലവിലുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ നോട്ടിസ് മുഖേന ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

| ആകെ വരവ് (₹) | ക്ലീൻ കേരള കമ്പിനിയിൽ നിന്നുള്ള വരവ് (₹) | ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയ വേതനം (₹) |
|---|---|---|
| 27,69,150/- | 5,10,164/- | 27,75,340/- |

നിർദ്ദേശങ്ങൾ

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി പിഴ ഈടാക്കുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന പാണ്ടാസ് വേൾഡ്, അടൂർ എന്ന സ്ഥാപനം ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഈടാക്കുന്നതിനായി ഹരിതമിത്രം ആപ്പിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

6. ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.

7. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

8. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

### 1-31 പ്രവൃത്തികൾ സ്പിൽ ഓവറാകുന്നത് - തൻവർഷത്തെ പദ്ധതി രൂപീകരണത്തെ ബാധിക്കുന്നു.

മരാമത്ത് വിഭാഗം എൻജിനീയർ നിർവഹണോഗസ്ഥനായി 99 പദ്ധതികൾ ആവിഷ്കരിച്ചതിൽ 58 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയത്. ഈ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി നടപ്പിലാക്കുമ്പോൾ തൻവർഷം ലഭ്യമാകുന്ന ഫണ്ടിൽ നിന്നും വിഹിതം വകയിരുത്തേണ്ടി വരുന്നതിനാൽ ഈ വർഷത്തെ വികസന പദ്ധതികളുടെ ഫണ്ട് പരിമിതപ്പെടുന്നു. മുൻ വർഷത്തിൽ സ്പിൽ ഓവറായ 21 പദ്ധതികൾക്കായി ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തേണ്ടി വന്നു. സ്പിൽ ഓവർ പ്രവൃത്തികളിൽ 2 പ്രവൃത്തികൾ ഈ വർഷവും നടപ്പിലായില്ല. തുടർവർഷത്തിൽ 41 പ്രവൃത്തികളാണ് സ്പിൽ ഓവറായി ചെയ്യേണ്ടി വരിക. പദ്ധതി വിഹിതത്തിൽ നിന്നുള്ള അലോട്ടുമെന്റുകൾ സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ തൻവർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും സ്പിൽ ഓവർ പദ്ധതികൾക്കു പണം കണ്ടെത്തേണ്ടി വരുന്നത് കാരണം ഒരോ വർഷത്തേയും പുതിയപദ്ധതികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നു.

### 1-32 പ്രാദേശിക നിരക്കിനെക്കാൾ അധികനിരക്കു സിമന്റിനു നൽകി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന പൊതു ആസ്തി പ്രവൃത്തികൾക്ക്, 08.07.2022 ലെ OMB/ALP/AW/20/2022 ഉത്തരവ്, 17.08.2022 ലെ മിഷൻ ഡയറക്ടറുടെ കത്ത് എന്നിവ പ്രകാരം സെക്വർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക്

നൽകാൻ പാടില്ലായെന്നും പ്രവൃത്തി കാലയളവിലെ പ്രാദേശിക മാർക്കറ്റ് നിരക്ക് മാത്രമേ നൽകാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വിവിധ പൊതു അസ്തി നിർമ്മാണ പ്രവൃത്തികളിൽ സെക്വയർ എസ്റ്റിമേറ്റ് നിരക്കായ 515/-രൂപയാണ് സിമന്റ് വിലയായി നൽകിയിരിക്കുന്നത്. ഈ കാലയളവിലെ വ്യക്തിഗത ആനുകൂല്യങ്ങളുടെ നിർമ്മാണ പ്രവൃത്തികളിൽ പ്രാദേശിക സിമന്റ് വില 420/-രൂപയാകുന്നു. പ്രവൃത്തിയുടെ കാലയളവും, കരാറും 8/22 ന മുൻപ് ആയതിനാലാണ് എസ്റ്ററ്റിമേറ്റ് നിരക്കു നൽകിയതെന്ന ഓഡിറ്റ് എൻക്വയറി നം. 22/30-10-2022 ന മറുപടി ലഭ്യമാക്കി. 8/22 ന ശേഷം കരാർ വച്ചതും, പ്രവൃത്തി നിർവഹിച്ചിട്ടുള്ളതുമായ പ്രവൃത്തികളിൽ പ്രാദേശിക നിരക്കിൽ മാത്രമാണ് സിമന്റ് വില നൽകുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-33 ഈ-ടെൻഡർ വരവ്-ഒടുക്കു വിശദാംശങ്ങൾ ഹാജരാക്കിയില്ല

2022-23 ൽ ഈ-ടെൻഡർ ഫീസ് വരവു തുകകളുടെയും അവ പഞ്ചായത്തു ഫണ്ടിൽ ഓടുക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിനു ഹാജരാക്കിയില്ല. അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. ശാസ്താംകോട്ടയിലുള്ള അക്കൗണ്ട് നം. 67382174859 ന്റെ 2012 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റേ ഹാജരാക്കിയുള്ളു. പാസ്ബുക്ക് കാലികമാക്കി ഓഡിറ്റിനു വിധേയമാക്കേണ്ടതും, ടെൻഡർ ഫീ ഒടുക്ക് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

## 1-34 ആയുർവേദ ആശുപത്രി പ്രവർത്തനക്ഷമമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

പ്രോജക്റ്റ് നം. 179/22, 26/23 എന്നിവ പ്രകാരം 15 ലക്ഷം രൂപ വീതം യഥാക്രമം മെയിന്റനൻസ് ഫണ്ടും, ധനകാര്യ കമ്മീഷൻ ഗ്രാന്റും, തനതു ഫണ്ടും വകയിരുത്തി 23,34,130/- രൂപ ചെലവഴിച്ചു. ആയുർവേദ ആശുപത്രിക്കു വേണ്ടി കെട്ടിട നിർമ്മാണവും ഇലക്ട്രിക്, പ്ലംബിംഗ് ജോലികളും പൂർത്തീകിരച്ചിട്ടുണ്ട്. തുടർ പദ്ധതികൾ ആവിഷ്കരിച്ചു മറ്റുള്ള ഭൗതിക സാഹചര്യങ്ങളും ഒരുക്കി ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. നിലവിൽ ആയുർവേദ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

## 1-35 തനതു വിഭവ സമാഹരണം- അവലോകനം

I) വസ്തുനികുതി പരിഷ്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ.

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ.

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും, മേഖലകളും, റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള

തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 3.05.2023-ലെ 22(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 14-06-2023 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 6(1) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

4. അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കൽ.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A നമ്പർ നൽകേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷം രേഖപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്തിൽ നികുതി വരുമാനത്തിലുണ്ടാകേണ്ട വരുമാനം നഷ്ടമാകുന്നു.

II) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിൽ സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ് .

III) തൊഴിൽ നികുതി

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, അഭിഭാഷകർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ

ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

IV) ലൈസൻസ്-ഫീസ്

കേരളാ പഞ്ചായത്ത്‌രാജ് വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റ് സേവനങ്ങളും ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18, 21, 24 എന്നിവ പാലിക്കുന്നുണ്ട്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുന്നുണ്ട്. ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയും, ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. ടൂറിസം വികസനത്തിനായി ശാസ്താംകോട്ട തടാകവുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നെൽകൃഷി വികസനം, വാഴകൃഷി പദ്ധതികളിൽ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |
| പ്രോജക്റ്റ് നം | നെൽകൃഷി വികസനം പദ്ധതി (161/23) | വാഴകൃഷി (160/23) |
| അടങ്കൽ തുക | ₹2,50,000/- (വികസന ഫണ്ട്) | ₹9,40,000/-(വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹2,50,000/-<br>(ബിൽ നം.1/18.1.23-₹63400/-<br>ബിൽ നം. 2/18.1.23-₹186600/-) | ₹9,40,000/-<br>(ബിൽ നം. 3/18.1.23-447900/-<br>ബിൽ നം. 4/27.1.23-171120/-<br>ബിൽ നം. 5/27.1.23-118500/-<br>ബിൽ നം. 6/16.2.23-11400/-<br>ബിൽ നം. 8/16.2.23-30600/-<br>ബിൽ നം. 11/29.3.23-139080/-<br>ബിൽ നം. 12/29.3.23-21400/-) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.9 പ്രകാരം ഒരു പൂനെൽകൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 25,000/- രൂപയും, വാഴകൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 30,000/- രൂപയും ആണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് നെൽകൃഷി വികസനം, വാഴകൃഷി എന്നീ പദ്ധതികളിൽ അധിക നിരക്കിൽ സബ്സിഡി തുക അനുവദിച്ചിരിക്കുന്നു. വിശദ വിവരം

ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് വിവരം | കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി | അനുവദിച്ച തുക (₹) | അനുവദിക്കാവുന്ന തുക (₹) | അധികം അനുവദിച്ച തുക (₹) |
|---|---|---|---|---|---|
| നെൽകൃഷി വികസനം (161/23) | ശ്രീമതി സുഷമ നെടിയത്ത് വടക്കതിൽ കരിന്തോട്ടുവ | 50.8 R 0.508 Ha. | 25,000/- | 12,700/- | 12,300/- |
| വാഴകൃഷി (160/23) | ശ്രീ. മുരളീധരൻ പിള്ള എം.ജി. നിവാസ് മുതുപിലാക്കാട് | 56.74 R 0.5674 Ha. | 18,000/- | 17,022/- | 978/- |
| | | | | ആകെ | 13,278/- |

ഇതിൽ ശ്രീമതി സുഷമ കൃഷി ചെയ്തതായി കാണിച്ചിട്ടുള്ള പാട്ടഭൂമികളിൽ രണ്ടെണ്ണം ശ്രീ. ബിനോയ് ബി. എന്ന ഗുണഭോക്താവിന് പാട്ടത്തിന് നൽകിയിട്ടുള്ളതായാണ് കാണുന്നത്.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
മേൽ കാരണങ്ങളാൽ അധികം അനുവദിച്ച തുകയായ 13,278/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം അനുവദിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 3/27.10.2023.
നിരാകരിച്ച തുക – 13,278/-രൂപ.

3-2 സിറ്റിസൺ ഭരണഘടന - ഉത്തരവ് പാലിച്ചിട്ടില്ല - 24,850/-രൂപ അധികം ചെലവഴിച്ചു.

സിറ്റിസൺ ഭരണഘടന-സർക്കാർ നിർദ്ദേശം പാലിക്കാതെ രണ്ട് പദ്ധതികൾ വഴി 24,850/-രൂപ അധികം ചെലവഴിച്ചു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | ICDS സൂപ്പർവൈസർ |
| പ്രോജക്റ്റ് നം. | സിറ്റിസൺ ഭരണഘടന (170/23) | സിറ്റിസൺ ഭരണഘടന (171/23) |
| അടങ്കൽ തുക | ₹2,00,000/- (തനത് ഫണ്ട്) | ₹50,000/-(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹1,81,850/- (ചെക്ക്നം.305033/24.2.23-64,000/- ചെക്ക്നം.303867/21.1.23-28,850/- ചെക്ക്നം.302938/19.10.22-26,000/- ചെക്ക്നം.302969/15.12.22-63,000/-) | ₹43,000/- (ചെക്ക്നം.303791/24.12.23 |

കൊല്ലം ജില്ലയെ സമ്പൂർണ്ണ ഭരണഘടന സാക്ഷരത നേടുന്ന ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയതാണ് മേൽ പദ്ധതികൾ. കൊല്ലം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ ഉത്തരവ് നം.7/2021/ഡിപിഒ/ കൊല്ലം തീയതി 17.9.22 പ്രകാരം ഗ്രാമപഞ്ചായത്തിന് പ്രസ്തുത പദ്ധതിക്കായി വകയിരുത്തി ചെലവഴിക്കാവുന്ന തുക 2,00,000/-രൂപയാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി രണ്ട് നിർവഹണോദ്യോഗസ്ഥർ രണ്ട് പദ്ധതികളിലായി മേൽപ്രകാരം 2,24,850/- രൂപ ചെലവഴിച്ചു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്തിന്റെ ജനസംഖ്യയും ഭൂവിസ്തൃതിയും കണക്കിലെടുത്തും പഞ്ചായത്ത് താലൂക്ക് ആസ്ഥാനമായതിനാലും സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ പഞ്ചായത്താക്കുന്നതിനായി ഊർജ്ജിത പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിനാലും, വിവിധ

സ്ഥാപനങ്ങളിൽ ഭരണഘടന സാക്ഷരതാ ബോർഡുകൾ സ്ഥാപിക്കുന്നതിനാലുമാണ് സെക്രട്ടറിയും, ICDS സൂപ്പർവൈസറും രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതും അധികമായി 24,850/- രൂപ ചെലവഴിക്കാൻ കാരണമായതുമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം ചെലവഴിച്ച 24,850/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/30.10.2022.

നിരാകരിച്ച തുക - 24,850/-രൂപ.

### 3-3 ബാലസഭാ പ്രവർത്തനത്തിന് അധികം തുക ചെലവഴിച്ചു

പദ്ധതി-135/23, കുടുംബശ്രീ ബാലസഭ

അടങ്കൽ – ₹25,000/- (വികസന ഫണ്ട് ജനറൽ)

ചെലവ് – ₹25,000/- (ബിൽ നമ്പർ-367/15-3-23)

കുടുംബശ്രീ സി.ഡി.എസിന്റെ നേതൃത്വത്തിൽ നടത്തിയ പഠന യാത്രയ്ക്ക് 19 വാർഡുകളിലെ ബാലസഭാംഗങ്ങളായ കുട്ടികളും (ഒരു വാർഡിൽ നിന്ന് രണ്ട് കുട്ടികൾ), സി.ഡി.എസ്. മെമ്പർമാരും ഉൾപ്പെടെ പോയതിന് പദ്ധതി പ്രകാരം 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7.10 പ്രകാരം ബാലസഭാ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1,000/- രൂപയാണ് നൽകേണ്ടത്. 19 വാർഡുകളിലേക്ക് 19,000/- രൂപയാണ് ചെലഴിക്കാവുന്നതെങ്കിലും 25,000/-രൂപ ചെലവഴിച്ചു. അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 6,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ബാലസഭാ പ്രവർത്തനത്തിനായി അധികം ചെലവഴിച്ച 6,000/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിച്ച തുക – 6,000/-രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ-20/31-10-2023.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25.10.2023, 26.10.2023 | കെ.എസ്.എ.കെ.എൽ.എം.പി 10/1883/23 തീയതി – 13/11/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 38,590/- | 46/23-പാലീയേറ്റീവ് കെയർ പദ്ധതി | 38,590/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,94,000/- | 87/23-ലൈഫ് (പട്ടികജാതി) | 1,94,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,50,000/- | 88/23-ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 1,50,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,31,123/- | 89/23-പാലിന് സബ്സിഡി | 6,31,123/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,50,480/- | 93/23-ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 4,50,480/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | 42/23-അനുപൂരക പോഷകാഹാരം (പട്ടികജാതി) | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,76,995/- | 71/23-അങ്കണവാടി നിർമ്മാണം | 4,76,995/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 19,70,000/- | 87/23-ലൈഫ് (പട്ടികജാതി) | 19,70,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,00,000/- | 89/23-പാലിന് സബ്സിഡി | 3,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 23,754/- | 90/23-പാലിന് സബ്സിഡി (പട്ടികജാതി) | 23,754/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,460/- | 93/23-ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 2,00,460/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,34,069/- | 41/23- അനുപൂരക പോഷകാഹാരം | 4,34,069/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 22200873<br>22200885 | 44,635/- | 44,635/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDF വായ്പയിനത്തിൽ 82,80,000/-രൂപ വരവുണ്ട്. മുൻബാക്കി 12,01,800/- രൂപയടക്കം 94,81,800/-രൂപയിൽ 82,85,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 82,80,000/- | 3,41,07,329/- | 70,31,360/- | | 3,53,55,969/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2021-22 | Audit Enquiry No. 3/21-22 | 2,051/- | Ajitha.L, A.E, LSGD | 1220103638/ 26.10.2022 |
| 2021-22 | Audit Enquiry No. 15/21-22 | 21,600/- | Ajitha.L, A.E, LSGD | 1220103657/ 28.10.2022 |
| 2021-22 | Audit Enquiry No. 2/21-22 | 2,664/- | Rekha Lekshmi, ICDS Supervisor | 1220103684/ 31.10.2022 |
| ആകെ | | 26,315/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 2-1 | 2018-19 | | 21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ | നിയമസഭ സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-26 | - | 1,538/- | ശ്രീമതി. മായദേവി, ഹെഡ്മിസ്ട്രസ് |
| 3-1 | - | 13,278/- | ശ്രീമതി. ബിനീഷ, കൃഷി ഓഫീസർ |
| 3-2 | - | 24,850/- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-3 | - | 6,000/- | ശ്രീമതി. ബിജി പി, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-16 | 10,500/- | ശ്രീ. രാജൻ ആചാരി ജി, സെക്രട്ടറി | |
| 1-18 | 16,56,995/- | ₹11,80,000/- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി |
| | | ₹4,76,995/- | ശ്രീമതി. ബിജി പി, അസി. സെക്രട്ടറി |
| 1-19 | 44,635/- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി | |
| 1-22 | 2,16,365/- | ശ്രീമതി. അജിത എൽ, അസി. എഞ്ചിനീയർ | |
| 1-23 | 14,37,914/- | ഡോ. അശ്വതി കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| 1-24 | 4,25,500/- | ഡോ. അശ്വതി കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| 1-26 | 95,431/- | ശ്രീമതി. മായദേവി, ഹെഡ്മിസ്ട്രസ് | |
| 1-28 | 1,07,313/- | ഡോ. എം. കെ. വിമല, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട് | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേ ഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജൻ ആചാരി. ജി, സെക്രട്ടറി | വിരമിച്ചു. | ആലുവിള പുത്തൻവീട്, കിടങ്ങയം നടുവിൽ, പതാരം.പി.ഒ |
| ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി | സെക്രട്ടറി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്. | ബാബുഭവനം, മനക്കര, ശാസ്താംകോട്ട പി.ഒ. |
| ശ്രീമതി. ബിജി പി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്. | അതുല്യം, നെല്ലിമുകൾ |
| ശ്രീമതി. മായദേവി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. മുതുപിലാക്കാട് | ചന്ദ്രകാന്തം, കിടങ്ങയം നടുവിൽ, പതാരം പി.ഒ. |
| ശ്രീമതി. അജിത. എൽ അസി. എൻജിനീയർ | അസി. എൻജിനീയർ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്. | കൃഷ്ണാലയം, മുണ്ടയ്ക്കൽ ഈസ്റ്റ് കൊല്ലം |
| ഡോ. അശ്വതി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (ഹോമിയോ), ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | രാജ് ഭവൻ, കൊട്ടിയം പി.ഒ, കൊല്ലം |
| ഡോ. എം. കെ. വിമല, മെഡിക്കൽ ഓഫീസർ | ഡോ. എം. കെ. വിമല, മെഡിക്കൽ ഓഫീസർ, | ശബരി, കൊട്ടുവീട്ടിൽ മുക്ക്, പുതുപ്പള്ളി സൗത്ത് പി.ഒ. |

| | | |
|---|---|---|
| | ഞാറയ്ക്കൽ താലൂക്ക് ആശുപത്രി, എറണാകുളം | |
| ശ്രീമതി. ബിനീഷ, കൃഷി ഓഫീസർ | കൃഷി ഓഫീസർ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | കുഴിവിള, പവിത്രേശ്വരം പി.ഒ., കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 1997-98 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 3 |
| 1998-99 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 4 |
| 1999-2000 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 13 |
| 2000-01 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 2 |
| 2002-03 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 2003-04 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 10 |
| 2004-05 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 8 |
| 2005-06 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 12 |
| 2006-07 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2007-08 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2008-09 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 3 |
| 2009-10 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 6 |
| 2010-11 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 16 |
| 2011-12 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 4 |
| 2012-13 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 9 |
| 2013-14-2014-15 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 18 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 4 |
| 2016-17 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1371 /18 തീ 17.05.19 | 17 |
| 2017-18 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1926 /18 തീ 15.05.19 | 19 |
| 2018-19 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1407/19 തീ 05.10.19 | 11 |
| 2019-20 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1527/21 തീ 06.05.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1528/21 തീ 08.07.22 | എല്ലാ ഖണ്ഡികകളും |
| 2022-22 | കെ.എസ്.എ.- കെ.എൽ.എം.- പി 10/2042/22, തീ 27.3.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 10-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Sasthamcotta Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Sasthamcotta Grama Panchayat for the year 2022-2023

Date: 13/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Sasthamcotta Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit

Ratios, Notes on account.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. District Panchayath, Block Panchayath Grant liability amount shown as liability in Balance sheet does not

match with Treasury Joint venture Account.

4. CFC e-gram Fund balance as per balance sheet does not match with actual fund balance as per RP40(b).

5. Loans, Advances, Deposits- B18 Closing balance is not accurate.

6. Beneficiary Contribution expenditure is not debited from liability head in AFS.

7. ICDS fund expenditure is not debited from liability head in AFS.

8. Value of stock is not included in balance sheet.

9. Detaild of amount shown as liability in account head 3413001001 not maintained.

10. Health grant expenditure is not accounted properly in liability head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.